പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2424 13.02.2013-ൽ മറുപടിയ്ക്ക്

## ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യനികുതി വകുപ്പിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനും ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | നടപടികൾ പ്രധാനപ്പെട്ട ചെക്കുപോസ്റ്റുകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. അമരവിളയിൽ വെബ് ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ തുടങ്ങി. മറ്റ് പ്രധാന ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകൾ സംയോജിത ചെക്കുപോസ്റ്റുകളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉദ്ദേശിക്കുന്നുണ്ട് |
| (സി) | എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ ; | (സി) | തിരുവനന്തപുരം അമരവിളയിൽ നടപ്പിലാക്കി കഴിഞ്ഞു. വാളയാറിൽ സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള പ്രധാന ചെക്ക് പോസ്റ്റുകളിൽ ഉടനെ സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (ഡി) | വ്യാപാരികൾക്ക് ട്രാൻസാക്ഷൻ ഡീറ്റെയിൽസ് സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഏതെല്ലാം ചെക്കു പോസ്റ്റുകളിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) | പ്രധാന ചെക്ക് പോസ്റ്റുകളിൽ എല്ലാം തന്നെ നിലവിലുണ്ട്. |
| (ഇ) | പ്രസ്തുത സംവിധാനത്തിന്റെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ ; | (ഇ) | ഉണ്ട്. |
| (എഫ്) | എങ്കിൽ ഇത് ഏതെല്ലാം ചെക്ക് പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (എഫ്) | എല്ലാ ചെക്ക് പോസ്റ്റുകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ